(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും കോഴി കൊണ്ടുവരുമ്പോൾ മൻക്കൂർ നികുതിയടച്ചാൽ മാത്രമേ സംസ്ഥാനത്തിനകത്തേക്ക് പ്രവേശിക്കുന്നതിനു അനുവാദമുള്ളൂ. കഴിഞ്ഞ സാമ്പത്തിക വർഷം (2013-14) ഒക്ടോബർ വരെ കോഴിയിൽ നിന്നുള്ള മൻക്കൂർ നികുതി വരുമാനം 65.36 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം (2014-15) ഒക്ടോബർ വരെ ലഭിച്ചത് 62.04 കോടി രൂപയുമാണ്.

(ഡി) ചെക്ക്പോസ്റ്റിലൂടെ കോഴി സംസ്ഥാനത്തേക്ക് കൊണ്ടുവരുമ്പോൾ മൻക്കൂർ നികുതിയടച്ചാൽ മാത്രമേ സംസ്ഥാനത്തിനകത്തേക്ക് പ്രവേശിക്കാൻ അനുവാദമുള്ളൂ അതിനാൽ ചെക്ക്പോസ്റ്റു വഴി കടന്നു വരുന്ന കോഴികളിന്മേൽ കൃത്യമായ നികുതി ഈടാക്കുന്നുണ്ട്. പക്ഷേ, തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്ക് നികുതി വെട്ടിച്ച് കോഴി കടത്താൻ ധാരാളം ഊടുവഴികളുണ്ട്. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് തടയുന്നതിന് വകുപ്പിന്റെ വിഭവശേഷി പരമാവധി പ്രയോജന പ്പെടുത്തുന്നുണ്ട്. ചെക്ക്പോസ്റ്റ് അധികൃതർ കാര്യക്ഷമമായാണ് ചുമതലകൾ നിർവ്വഹിക്കുന്നത്. ഒറ്റപ്പെട്ട ചില സംഭവങ്ങളിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഊടുവഴികളിലൂടെ കടത്തിക്കൊണ്ടുവരുന്ന സാഹചര്യം ഒഴിവാക്കാൻ നിലവിലുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

ഹരിത യൗവനം പദ്ധതി

26 (*206) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. റ്റി.ബൽറാം :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡ് ഭക്ഷ്യ സുരക്ഷയിൽ യുവാക്കളെ പങ്കാളികളാക്കി ഹരിത യൗവനം പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ-ഡി) യുവജനക്ഷേമ ബോർഡ് ഹരിതയൗവനം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly